**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 35** **23-07-2021 - ൽ മറുപടിയ്ക്ക്**

**ദേശീയ വനവൽക്കരണ പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനങ്ങളുടെ സ്വാഭാവിക പുനരുജ്ജീവനത്തെ സഹായിക്കുന്നതിനായി ദേശീയ വനവൽക്കരണ പരിപാടിയുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ ശോഷിതവനങ്ങളുടെ പുനരുജ്ജീവനം ലക്ഷ്യമാക്കി കേരളത്തിൽ നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദേശീയ വനവൽക്കരണ പദ്ധതി. ഈ പദ്ധതി 2002-2003 മുതൽ 2015-2016 വരെയാണ് സംസ്ഥാനത്ത് നടപ്പിലാക്കി വന്നത്. ഈ പദ്ധതിയിലൂടെ വനങ്ങളുടെ സ്വാഭാവിക പുനർജ്ജീവനത്തെ സഹായിക്കൽ, കൃത്രിമ വനവൽക്കരണം, മുളങ്കാടുകളുടെ പുനരുജ്ജീവനം, ചൂരൽക്കാടുകളുടെ പുനരുജ്ജീവനം, മേച്ചിൽപ്പുറ വികസനം, തടയിതര മൂല്യമുള്ളതും ഔഷധ ഗുണമുള്ളതുമായ വൃക്ഷങ്ങളുടെ നട്ടുവളർത്തൽ, ഔഷധസസ്യ പുനരുജ്ജീവനം എന്നീ പ്രവർത്തികളാണ് നടപ്പിലാക്കിയത്. 2002-2003 മുതൽ 2015-16 വരെയുള്ള കാലയളവിൽ കേന്ദ്ര സർക്കാർ അനുവദിച്ച 7662.40 ലക്ഷം രൂപ ചെലവഴിച്ച് 39619.31 ഹെക്ടർ പ്രക്ഷീണ വനപ്രദേശത്ത് വനവൽക്കരണ പ്രവർത്തികൾ നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | വനമേഖലയുടെ വികസനത്തിൽ ഉൾപ്പെടുത്തി ആർട്ടിഫിഷ്യൽ റീജനറേഷൻ, പാർസ്ച്ചർ ഡവലപ്പ്മെന്റ്, പുൽമേട്ടുകളുടെ വികസനം എന്നിവയുടെ പുരോഗതി അറിയിക്കുമോ; | (ബി) | ദേശീയ വനവൽക്കരണ പരിപാടിയിലുൾപ്പെടുത്തി കൃത്രിമ വനവൽക്കരണം (Artificial Regeneration)പദ്ധതിക്കായി 1412.92 ലക്ഷം രൂപ അനുവദിക്കുകയും 2718.33 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുകയും ചെയ്തു. ആയതുപോലെ മേച്ചിൽപ്പുറ വികസനം (Pasture Development)പദ്ധതിയിലുൾപ്പെടുത്തി 115.82 ലക്ഷം രൂപ അനുവദിക്കുകയും 241.54 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | മുളങ്കാടുകളുടെയും ചൂരൽകാടുകളുടെയും പുനരുജ്ജീവനത്തിനും വനമേഖലയെ ആശ്രയിച്ച് കഴിയുന്നവരുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിനും | (സി) | ദേശീയ വനവൽക്കരണ പരിപാടിയുടെ ഭാഗമായി മുളങ്കാടുകളുടെയും ചൂരൽകാടുകളുടെയും പുനരുജ്ജീവനത്തിനായി 2730.79 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | ഉതകുന്ന എന്തെല്ലാം പദ്ധതികളാണ് നടന്നു വരുന്നതെന്നും അവയുടെ പുരോഗതി സംബന്ധിച്ച വിവരവും വെളിപ്പെടുത്താമോ? | | പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിക്കുകയും 1773.22 ലക്ഷം രൂപ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 5090.2 ഹെക്ടർ സ്ഥലം മുളങ്കാടുകളുടെയും, 5956.25 ഹെക്ടർ സ്ഥലം ചൂരൽക്കാടുകളുടെയും പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ദേശീയ വനവൽക്കരണ പരിപാടി 2015-16 വർഷത്തിൽ പൂർത്തീകരിച്ചതിനെത്തുടർന്ന് വനമേഖലയെ ആശ്രയിച്ച് കഴിയുന്നവരുടെ ഉപജ്ജീവനം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ഗ്രീൻ ഇന്ത്യ മിഷൻ സ്കീം (GIM) 2016-17 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിലുൾപ്പെടുത്തി ഭൂമിയിലെ ജലശോഷണം തടയുന്നതിനും, മണ്ണൊലിപ്പ് തടയുന്നതിനും നീർത്തട സംരക്ഷണത്തിനുമായി സ്വാഭാവിക ജലസ്രോതസ്സുകളുടെ ചുറ്റിലും ചെറു അരുവികളുടെ തീരങ്ങളിലും മുള, ഈറ, ചൂരൽ എന്നിവ വച്ചുപിടിപ്പിക്കുകയും, നീർച്ചാലുകളിൽ തടയണ നിർമ്മാണവും നടപ്പിലാക്കിയിട്ടുണ്ട്. മേൽ പദ്ധതി പ്രവർത്തനങ്ങൾക്ക് വനമേഖലയെ ആശ്രയിച്ച് കഴിയുന്നവരെയാണ് പൂർണ്ണമായും നിയോഗിച്ച് വരുന്നത്. ആയത് അവരുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും സഹായകരമാവുന്നു. |

സെക്ഷൻ ഓഫീസർ